LIBRARY ARCHIVES Kerala Legislative Assembly

വിചാരണ തടവുകാർക്കായി ജില്ലാതല സമിതികൾ

20(*620) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിചാരണ തടവുകാർക്കായി ജില്ലാതല സമിതികളെ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഭാവിഷ്യൽ കസ്റ്റഡിയിൽ ജയിലുകളിൽ കഴിയുന്ന വിചാരണ തടവുകാരുടെ കേസുകൾ പരിശോധിക്കുന്നതിനും നിരപരാധികളായി കാണുന്നവരുടെ മോചനം സാധ്യമാക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും നിരപരാധികൾക്ക് എതിരെ കേസെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി ആരംഭിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടാണ് ജില്ലാതല സമിതികളെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്.

(സി) 27-9-2014 ലെ ജി.ഒ.(എംഎസ്.) നമ്പർ 191/2014/ആഭ്യന്തരം പ്രകാരം ജില്ലാതല സമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗുണ്ടകളെ അമർച്ച ചെയ്യാൻ പദ്ധതി

21(*621) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഐഹബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടകളെ അമർച്ച ചെയ്യാൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ ശക്തികളെയും നിയമപരമായി അമർച്ച ചെയ്യുന്നതിനുവേണ്ടി ഓപ്പറേഷൻ സുരക്ഷ എന്ന പ്രത്യേക പദ്ധതി 25-2-2015 മുതൽ പോലീസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 25-3-2015 മുതൽ ആരംഭിച്ചിട്ടുണ്ട്. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) (KAAP Act) നിയമപ്രകാരമുള്ള നടപടിയെടുക്കുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉൾപ്പടെ വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിനുശേഷം നിയമ നടപടികളിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുന്നവരെ അറസ്റ്റ് ചെയ്യുക, കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള POCSO Act പ്രകാരം കേസെടുക്കുക, അബ്കാരി ആക്ട്, എൻ.ഡി.പി.എസ്. ആക്ട് എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ, കള്ളനോട്ട്, അനധികൃത മണൽ ഖനനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുക എന്നിവ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഓപ്പറേഷൻ സുരക്ഷ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ജീവിക്കാൻ സ്വസ്ഥവും സമാധാനവുമുള്ള അന്തരീക്ഷം സൃഷ്ടിക്കുക, സമൂഹത്തിന്റെ സൈ്വരജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നത് തടയുക എന്നിവ ലക്ഷ്യങ്ങളാണ്. കൂടാതെ പലസ്ഥലങ്ങളിലും സമൂഹത്തിന് ഭീഷണിയായി മാറുന്ന മണൽ മാഫിയ, മദ്യമയക്കുമരുന്ന് മാഫിയ, സംഘടിത കുറ്റകൃത്യങ്ങളിലേർപ്പെടുന്ന ക്വട്ടേഷൻ സംഘങ്ങൾ, അസൂത്രിതമായി സ്ത്രീകളെ ചൂഷണം ചെയ്യുന്ന പെൺവാണിഭ സംഘങ്ങൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തുന്ന മാഫിയകൾ എന്നിവയെ പൂർണ്ണമായി അമർച്ച ചെയ്യുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സംഘടിത കുറ്റകൃത്യങ്ങൾക്കും മാഫിയ പ്രവർത്തനങ്ങൾക്കും എതിരായ പോലീസ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ സ്വീകരിക്കുന്നതിനാൽ ക്രമസമാധാന അന്തരീക്ഷം വളരെയധികം മെച്ചപ്പെട്ടുകഴിഞ്ഞു.

(സി) സാമൂഹ്യവിരുദ്ധ ഭീഷണി അമർച്ച ചെയ്യുന്നതിന് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററായി എ.ഡി.ജി.പി. ശ്രീ. അരുൺകുമാർ സിൻഹയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗം ഇതുസംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുകയും വിവരങ്ങൾ നടപടിക്കായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

രാത്രിയാത്രാ നിരോധനം പിൻവലിക്കുന്നതിനുള്ള നടപടികൾ

22(*622) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബന്ദിപ്പൂർ വഴിയുള്ള ദേശീയപാതയിൽ രാത്രിസഞ്ചാരം നിരോധിച്ചതു പിൻവലിക്കുന്നതിനായി കർണ്ണാടക മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly